ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തിനഗർ,
തിരുവനന്തപുരം

**എഡി.ബി2/2701/എച്ച്.എസ്.ഇ/2008** **തീയതി : 19/03/2012**

## സർക്കുലർ

വിഷയം : ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ് ഡിപ്പാർട്ട്മെന്റൽ അദ്ധ്യാപകരുടെ തസ്തികമാറ്റ നിയമനം – നിലവിലുള്ള എച്ച്.എസ്.എസ്.ടി(ജൂനിയർ) അദ്ധ്യാപകരും അപേക്ഷിക്കുന്നതു സംബന്ധിച്ച് –

സൂചന : ഈ ഓഫീസിലെ 13.03.2012–ലെ ഇതേ നമ്പർ സർക്കുലർ

സൂചനയിലെ സർക്കുലറിനു തുടർച്ചയായി **തസ്തികമാറ്റം മുഖേന എച്ച്.എസ്.എസ്.ടി(ജൂനിയർ) ആയി ഇപ്പോൾ ജോലി ചെയ്യുന്ന ഗവ.ഹയർസെക്കന്ററി സ്കൂളിലെ അദ്ധ്യാപകർക്കും** ഡിപ്പാർട്ട്മെന്റൽ അദ്ധ്യാപകരുടെ തസ്തികമാറ്റ നിയമനത്തിനായി മാറ്റിവച്ചിട്ടുള്ള എച്ച്.എസ്.എസ്.ടിയുടെ ഒഴിവുകളിലേക്ക് ഓൺലൈൻ മുഖേന അപേക്ഷിക്കാവുന്നതാണ്. ഈ അദ്ധ്യാപകരും എച്ച്.എസ്.എ/യു.പി.എസ്.എ/ എൽ.പി.എസ്.എയിലെ വിശദാംശങ്ങൾ നിലവിലുള്ള സോഫ്റ്റ്വെയറിൽ Enter ചെയ്യേണ്ടതാണ്. ഡയറക്ടറേറ്റിലേക്ക് അയക്കുന്ന അപേക്ഷയിൽ **'Present Post' എച്ച്.എസ്.എസ്.ടി(ജൂനിയർ) എന്നും അപേക്ഷയുടെ മുകളിൽ now working as HSST(Jr) എന്നും ചുവന്ന മഷിയിൽ എഴുതണം**. എച്ച്.എസ്.എസ്.ടി(ജൂനിയർ) ആയി നിയമനം ലഭിച്ച നിയമന ഉത്തരവിന്റെ നമ്പറും തീയതിയും ജോയിൻ ചെയ്ത തീയതിയും ഇതോടൊപ്പം എഴുതേണ്ടതാണ്. പ്രസ്തുത നിയമന ഉത്തരവിന്റെ കോപ്പി അപേക്ഷയോടൊപ്പം വയ്ക്കേണ്ടതാണ്. തന്നിരിക്കുന്ന വിവരങ്ങൾ തെറ്റാണെന്നു ബോദ്ധ്യപ്പെടുന്ന പക്ഷം അപേക്ഷ നിരസിക്കുന്നതാണ്.

sd/-
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ഡയറക്ടർക്കുവേണ്ടി

23/Ja/19.03.12